കരണ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി. വായ്പയെടുത്തിട്ടുണ്ട്.

(ബി) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും ഇതുവരെ 142,59,18,111/- രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. ഹഡ്കോയിൽനിന്ന് 100 കോടി രൂപയുടെ വായ്പാ കരാറിൽ ഒപ്പുവയ്ക്കുകയും 25 കോടി രൂപ ലഭിക്കുകയും ചെയ്തു. പ്രസ്തുത വായ്പയുടെ ബാക്കി തുകയായ 75 കോടി രൂപ മൂന്ന് തുല്യ ഗഡുക്കളായി ഈ വർഷംതന്നെ കോർപ്പറേഷന് ലഭിക്കും. കൂടാതെ പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും 257 ലക്ഷം രൂപയും മീനച്ചിൽ അർബൻ സഹകരണ ബാങ്കിൽനിന്ന് 35 ലക്ഷം രൂപയും വായ്പയായി ലഭിച്ചിട്ടുണ്ട്.

(സി) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് ഇതുവരെ 1533 ബസ്സുകളും, ഹഡ്കോ വായ്പ ഉപയോഗിച്ച് 213 ബസ്സുകളും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വായ്പ ഉപയോഗിച്ച് 30 ബസ്സുകളും മീനച്ചിൽ അർബൻ സഹകരണ ബാങ്ക് വായ്പ ഉപയോഗിച്ച് 5 ബസ്സുകളും വാങ്ങിയിട്ടുണ്ട്.

(ഡി) കെ.റ്റി.ഡി.എഫ്.സി. വായ്പ തുകയിൽ 113,57,13,475/- രൂപയും ഹഡ്കോ വായ്പ തുകയിൽ 31.05.2000 വരെ 22 ലക്ഷം രൂപയും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വായ്പയിൽ 44 ലക്ഷം രൂപയും മീനച്ചിൽ അർബൻ സഹകരണ ബാങ്ക് വായ്പയിൽ 85,000/- രൂപയും തിരിച്ചടച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങുന്ന ബസ്സുകൾ

96(1024) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പുതിയ ബസ്സുകൾ റോഡിലിറക്കി എന്ന് വെളിപ്പെടുത്തുമോ,

(ബി) ഈ വർഷം എത്ര ബസ്സുകളാണ് പുതുതായി വാങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ബസ്സുകൾ റോഡിലിറക്കുമ്പോൾ വിവിധ ജില്ലകളിലെ ഡിപ്പോകൾക്ക് ബസ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ മലപ്പുറം പെരിന്തൽമണ്ണ, പൊന്നാനി ഡിപ്പോകൾക്ക് എത്ര പുതിയ ബസ്സുകൾവീതം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ കുറവായ മലപ്പുറം ജില്ലയിൽ കൂടുതൽ ബസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 273.

(ബി) 1200.

(സി) പുതിയ സർവ്വീസുകൾ തുടങ്ങുന്ന ഡിപ്പോകൾക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നു. ലൈലാന്റ് ഡിപ്പോകൾക്ക് ലൈലാന്റ് ബസുകളും റ്റാറ്റാ ഡിപ്പോകൾക്ക് റ്റാറ്റാ വാഹനങ്ങളും നൽകുന്നു. കൂടാതെ മോട്ടോർ വാഹന നിയമ പ്രകാരം പഴക്കം ചെന്ന വാഹനങ്ങൾക്ക് പകരമായും

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ബസ്സുകൾ അനുവദിക്കുന്നു. പുതിയ ഡിപ്പോകൾ ആരംഭിക്കുമ്പോൾ പ്രസ്തുത ഡിപ്പോയ്ക്കും ലഭ്യത അനുസരിച്ച് പുതിയ വാഹനങ്ങൾ അനുവദിക്കുന്നു.

(ഡി) മലപ്പുറം - 4 ഉം
പൊന്നാനി - 6 ഉം
പെരിന്തൽമണ്ണ - 2 ഉം
ബസ്സുകൾവീതം അനുവദിച്ചിട്ടുണ്ട്.

(ഇ) വാഹനത്തിന്റെ ലഭ്യത അനുസരിച്ച് നടപടികൾ കൊക്കൊള്ളുന്നതാണ്.

കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായം നൽകുന്ന ധനകാര്യ ഏജൻസി

97(1025) ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഹഡ്കോയുടെ ധനസഹായത്തോടുകൂടി എത്ര ബസ്സുകൾ വാങ്ങി എന്നു വ്യക്തമാക്കുമോ;

(ബി) ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടുകൂടി വാങ്ങിയ ബസ്സുകൾ ഹഡ്കോയുടെ അടയാളം രേഖപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.ക്ക് ധനസഹായം നൽകിയ ഏതെങ്കിലും ധനകാര്യ ഏജൻസികളുടെ അടയാളം ബസ്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 213 ബസ്സുകൾ ഇതുവരെ വാങ്ങിയിട്ടുണ്ട്.

(ബി) "ഹൈപ്പോത്തിക്കേറ്റഡ് റ്റു ഹഡ്കോ" എന്ന് എല്ലാ ബസ്സുകളിലും രേഖപ്പെടുത്തുവാൻ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂട്ടത്തിൽ ഹഡ്കോയുടെ അടയാളവും ഉണ്ട്.

(സി) ഹഡ്കോയുടെ അടയാളം രേഖപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ 2000 മാർച്ച് മാസത്തിലെ മൂലധന നിക്ഷേപം

98(1027) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ 31.3.2000-ലെ മൂലധന നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മൂലധനം എത്ര രൂപയാണ്;

(സി) മൂലധന നിക്ഷേപത്തിൻമേലുള്ള ഡിവിഡന്റ് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അതാത് വർഷം കൊടുക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം വർഷം എത്ര രൂപ വീതമാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഡിവിഡന്റ് ഇനത്തിൽ കുടിശ്ശിക വരുത്തിയതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly